# Bridging Gap Between Languages

❑ **Justice K.G. Balakrishnan***

Language is the medium by which people communicate their thoughts. India has several languages based mainly on geographic or ethnic groupings. Independent India tried to have federal units on the basis of major languages through the reorganization of the country into linguistic states. This helped people speaking a particular language have better affinity and deeper fraternity. Also it promoted the growth of the particular language literature-wise and culturally and helped the state to have a better identity than the provinces of British days.

However, linguistic reorganization of India had its negative fallouts too. Pride in one's mother tongue gave rise to sub-nationalism often at the cost of national cohesiveness. The need for a national language was felt. However, the proposal to accept Hindi as national language, the single language spoken by the largest segment of the population, was not very welcome. As the Hindi speaking population was limited to North India, making Hindi the national and official language of the country was resented by the South whose languages had a distinct Dravidian identity. The opposition to making Hindi as the national language became intense and violent especially in Tamil Nadu – the land of Tamil, a classical Dravidian language rich in literature that goes, back to antiquity.

The open agitation by Tamil people and the lingering resentment of segments speaking Telugu, Kannada and Malayalam could be sensed by the then Prime Minister Jawaharlal Nehru as a danger that widened the North-South divide which promoted separatism. Much to the displeasure of the North's majority, Nehru with his broader vision decided that all major regional languages would have the status of 'national' and Hindi would be India's official language, with the condition English would continue alongside, till the people speaking other than Hindi accept it as the sole official language. The status quo was to continue and more or less continues today even after 60 years of independence.

The reason for not making Hindi the sole official language, as envisaged, is of course the unwillingness of people speaking other Languages to accept it as such. It will be too much to go into the reasons for this but one of the causes is what Nehru had in his mind when he threw the challenge to a group of young men in 1962 as to how many of them were willing to study a South Indian language. It was only Sudhanshu Chaturvedi, a Post-graduate almost in his teens, who took up the challenge and asked Nehru which language he should study. And Nehru promptly replied "Malayalam". Since that day, there was no looking back to young Sudhanshu; he made it his life's mission.

After studying the rudiments of Malayalam from Delhi University, he moved to Kerala to take up his mission. The rest is history. Suffice to say, he took up teaching in a major college in Kerala to retire as its Principal after 33 years. He mastered Malayalam as any other scholar could in the language , so much so he wrote 6O books in the language, translated several Hindi books to Malayalam and vice versa.

Some of the best classics in Malayalam were translated in Hindi. Malayalam became very popular in North India: some of the best known novels were translated into Hindi using very simple language. *Kayar* (Coir), *Ayalkar* (Neighbour), *Agnisakshi*, *Enippadikal* (ladder) etc. are some of them and he was rightly awarded by Kerala Sahitya Academy for his invaluable contribution to Malayalam literature. He has also translated various Hindi books into Malayalam . His most famous books translated from Sanskrit into Malayalam are *Kalidasa Sahitya Sarvaswom*, *Bhasa Natak Sarvaswom*, *Shreemad Valmiki Ramayanam* (4 volumes) etc.



*With Justice K.G. Balakrishnan, Dr. Akavoor Narayanan, Prof. Omchery at Malayalam Literary Award function organised by Kerala Government*

How successful is Chaturvedi in keeping his word to Nehru and how the momentous task he undertook has been accomplished are all narrated in this special issue of *Rashtrasetu* being published on the occasion of the completion of his 6O years career as a writer, especially to the cause of Malayalam. Sixty years is a long time, but it is not the end of his career. I wish him all success in his continued literary endeavour to bridge the gap between languages in service to the society by authoring valuable works in multiple languages in the coming years and contribute further for national integration. ❍

* Former Chief Justice of India and Chairperson of National Human Rights Commission

# Litterateur Extraordinaire*

❑ Rita Joseph

A chance meeting with the then Prime Minister Jawaharlal Nehru and his challenge to learn Malayalam saw young Sudhanshu Chaturvedi resolve to master the language and popularise it in the Hindi belt.

He not only mastered it but went on to earn the sobriquet of *Malayalattinte Maanasaputran* (a fond son of Malayalam's sensibilities). He has authored several books in Malayalam, Hindi, Sanskrit and English and also translated several Malayalam books into Hindi, Sanskrit and English and vice versa.

This year marks the diamond jubilee year of his career -writing and translating and bridging the linguistic gap between the north and the south. He has written over 118 books, including 39 in Malayalam and five in Sanskrit.

It all began after Nehru threw him the gauntlet of learning a South Indian language when Chaturvedi made a strong pitch for Hindi to be made compulsory in the south. Recalling the moment about 50 years ago, he says, "When I made the proposition, Nehru was furious. He said 'do you know what you are talking. You are only a child. How can I ask the southern states to take up Hindi. Why don't you learn a south Indian language.' I asked which language from the south he wanted me to take up, and Panditji replied - 'Malayalam, it is the toughest language'."

Thus began his tryst with Malayalam. Sudhanshu enrolled himself for postgraduate studies in the language. "Mastering Malayalam wasn't all that difficult as I was proficient in Sanskrit," says the writer par excellence.

He had the distinction of not only translating a Malayalam classic *Odayil Ninnu* (from the gutter) into Hindi *(Naali* Se) while still doing his postgraduate studies from Delhi University but also finding his own books being prescribed for graduate and M.A. studies in Sanskrit.

The litterateur, who has many firsts to his credit, also achieved the rare feat of being the first North Indian to complete his doctorate in Hindi and Malayalam from Kerala University. After doing his masters in Hindi and Malayalam from DU, he was offered a job in Sree Kerala Varma College, Thrissur, in Kerala, from where he retired as the Principal of the college.

After migrating to Kerala in 1964, he rendered several works of prominent authors into Hindi while acquainting important Hindi works into Malayalam. Brushing shoulders with Kerala's literary greats like K. P. Keshava Menon, G. Shankara Kurup, Thakazhi Shivashankara Pillai, he not only got to learn from them but also translated most of their works into Hindi.

He was feted by the Kerala Sahitya Academy for his book ***Bharatam Vedakalangalil*** which was based on studies about the ancient Indian achievements in the Vedic age.



*With renowned writers at the reception organised by Dr. Kalyanmal Lodha of Bharatiya Bhasha Parishad, Calcutta*

Sudhanshu has translated modern classics like *Kumaran Asan's Chintaavishtayaya Sita* (Sita lost in thoughts) and *Sandhya,* written by G. Sankara Kurup, the first Malayalam Jnanpith award winner. The introduction of this translation was written by Dr. Harivansh Rai Bachchan. He has translated four volumes of *Shreemad Valmiki Ramayanam* into Malayalam. His translation of Thakazhi Shivashankara Pillai's magnum opus *Kayar* (rope) got him the Sahitya Akademi Award.

"It was the most challenging as the language used existed some 150 years ago. Many of the words don't exist. Four authors before me had tried their hand at translating the book but without success. I took 10 months to complete the 1200-page book," says Sudhanshu.

He has also published 23 children's books in Malayalam and Hindi which fetched him the Indian Council for Child Education Award. Born in Uttar Pradesh's Kanauj district to Pandit Prabhu Dayal Chaturvedi and Janakidevi, a family with a long literary tradition, Sudhanshu took to writing at an early age.

"My first poem titled *Hay Pareeksha* was written when I was just eight years old. I also wrote a short story based on my mother's struggles in life titled *Meri Maa."*

Sudhanshu, who has translated 33 Malayalam works into Hindi, says, "It is not easy. One should have deep knowledge of the language of the original work and also

* By the Assistant editor, The Statesman, published on 26th February 2009

the language in which the translation has to be done... I took to translation in my college days to finance my studies."

On whether translating poetry and prose was the same, he admitted it was not. "One cannot do full justice to translation of poetry. For it is difficult for a translator to enter into the mind and soul of a poet and reproduce it in the same spirit."

Adjustment for him was not much a problem though the cultures of U.P. and Kerala are poles apart. Problems encountered were limited to translations alone, he says. "In the case of many usages in Kerala, I had to look for similar ones in Rajasthani, Brij or Kanauji slang. Sometimes I had to look into Sanskrit usages. Such difficulties arose in the case of idioms and phrases also. I had to get to the soul of both the languages."

Many authors have written in their mother tongue and English but rarely has an author been able to write in a totally different language. The U.P.ite's fluency in the language could stump any Malayalee. Sudhanshu has stamped his class on Malayalam, scripting five novels all of which have seen two editions.

Surely, Nehru must be rolling in his grave with delight for this wonderful example of national integration. ❍

## उत्तर प्रदेश हिन्दी संस्थान, लखनऊ द्वारा
## बहुभाषाविद् डॉ. सुधांशु चतुर्वेदी 'विद्याभूषण' पुरस्कार से सम्मानित

हिन्दी, मलयालम, संस्कृत और अंग्रेज़ी के विशिष्ट विद्वान् यशस्वी लेखक एवं समर्पित अनुवादक **डॉ. सुधांशु चतुर्वेदी** का जन्म कन्नौज के माधवनगर नामक ग्राम में 15 फरवरी 1943 को हुआ। वे पण्डित प्रभुदयाल चतुर्वेदी और श्रीमती जानकी देवी के सुपुत्र हैं। 8 वर्ष की आयु में उनकी लेखनी द्रुतगति से चलनी प्रारम्भ हो गयी और 12 वर्ष की आयु में उनका प्रथम उपन्यास '*कल्पना*' प्रकाशित हो गया। अब तक हिन्दी, मलयालम, संस्कृत और अंग्रेज़ी में उनकी 160 पुस्तकें प्रकाशित हो चुकी हैं।

प्रोफेसर चतुर्वेदी ने संस्कृत, हिन्दी और मलयालम में आगरा तथा दिल्ली विश्वविद्यालय से एम.ए. तथा केरल विश्वविद्यालय से पी-एच.डी. की उपाधियाँ अर्जित कीं। केरल वर्मा कॉलेज में तैंतीस वर्षों तक आचार्य तथा प्राचार्य पदों का उन्होंने सक्षमता से निर्वाह किया। वे अनेक मंत्रालयों, राष्ट्रीय एवं अंतर्राष्ट्रीय संस्थानों तथा समितियों के अध्यक्ष, उपाध्यक्ष और सलाहकार समितियों के सदस्य रह चुके हैं। सम्प्रति वे 'वेदव्यास प्राच्यविद्या प्रतिष्ठान' के प्रबन्धन्यासी एवं अध्यक्ष तथा 'नेशनल लिटरेरी अकादमी' के निदेशक हैं।

प्रोफेसर चतुर्वेदी को अब तक 38 राष्ट्रीय एवं अन्तर्राष्ट्रीय पुरस्कार प्राप्त हो चुके हैं जिनमें भारतीय बालशिक्षा परिषद् का राष्टीय सम्मान (1987), 'वाचस्पति' (1988), 'विद्यावारिधि' (1988), 'रांगेय राघव पर्यटन पुरस्कार' (1990), 'केरल साहित्य अकादमी अवार्ड' (1992), केन्द्र साहित्य अकादमी अनुवाद पुरस्कार (1995), 'राष्ट्रभाषारत्न राष्ट्रीय सहस्राब्दी सम्मान' (1995), 'भारतमाता पुरस्कार (2000)', 'राष्ट्रीय सहस्राब्दी पुरस्कार' (2000), 'अन्तर्राष्ट्रीय विश्वशान्ति सम्मान' (2000), उत्तर प्रदेश हिन्दी संस्थान का 'सौहार्द सम्मान' (2001), 'वन्देमातरम् अवार्ड' (2002), 'मनुमित्र' पुरस्कार (2003), 'हिन्दी मार्तण्ड' पुरस्कार (2004), 'मलयालम् सेवी साहित्यकार सम्मान' (2005), 'अनुवादश्री' पुरस्कार (2006), 'रायपुर प्रेस क्लब सम्मान' (2010), 'समाजरत्न' सम्मान (2011), 'समस्त मलयाली संस्थाओं का संयुक्त सम्मान' (2011) आदि प्रमुख हैं।


'श्रीमद्वाल्मीकिरामायणम्', 'कालिदाससाहित्यसर्वस्वम्', 'भासनाटकसर्वस्वम्' Complete work of Kalidasa आदि इनकी सुप्रसिद्ध कृतियाँ हैं। रस्सी, पड़ोसी, सुन्दर और सुन्दरियाँ, अग्निसाक्षी, तत्त्वमसि, हिमगिरिविहार आदि मलयालम से हिन्दी में तथा अमृत और विष, भूले बिसरे चित्र आदि हिन्दी से मलयालम में अनूदित कृतियाँ हैं। डॉ. चतुर्वेदी हिन्दी और मलयालम के मध्य एक सुदृढ़ सेतु के रूप में कार्यरत हैं।

Spectrum

The Tribune

# The north-south bridge

**It has been Chaturvedi's singular mission to popularise Malayalam literature in the Hindi heartland, and Hindi literature to Malayalam readers, writes M.S. Unnikrishnan**



**Sudhanshu Chaturvedi**

The comparative anony mity of Dr Sudhanshu Chaturvedi, who has authored over 108 books, including 40 original works in Malayalam, is a classic case of a man of amazing literary achievements not getting the attention he deserves.

For over four decades, Chaturvedi born in February 1943 at Madhonagar in Kanauj district near Kanpur, has been a solid bridge between Hindi and Malayalam literatures. His works include original writings in Hindi and Malayalam as well as difficult translations from Hindi to Malayalam and vice versa.

He was once dubbed as a "Hindi zealot" and had the gall to tell Pandit Jawaharlal Nehru that Hindi must be imposed on non-Hindi speaking people whether they were ready to accept it or not. The votary of Hindi imposition became a convert and how he made it his life's mission to learn the "most difficult South Indian language, excel in it and become famous."

He would not have dared to undertake this "difficult mission" but for the tongue-lashing he got from Pandit Nehru. "One can touch the hearts of the people only when one talks in their language." Chaturvedi was barely 19 when he was ushered into the presence of Prime Minister Nehru by his uncle, famous Hindi writer Banarsi Das Chaturvedi, in 1962. He had been turned away by Delhi University when he sought admission for Sanskrit MA two years earlier, because he was only 17, went back to Bareilly College under Agra University to complete his Masters in Sanskrit.

Nehru mentioned that Hindi, the official language, will not be forced on anyone till the non-Hindi speaking people were fully prepared to accept it. He has insisted that Hindi must be implemented as the national language by the deadline (1965). This enraged Nehru so much that he said, "You are only a child and I have to satisfy all the people of India." Nehru also noted that "North Indians are fanatics and will not study a South Indian language."

"He challenged me to study a South Indian language. I accepted the challenge and requested him to suggest the toughest South Indian language. Nehru told me to study Malayalam and become a famous writer in the language," Chaturvedi, recently in Delhi, recollected. He was in Delhi for a week-long discourse on Valmiki Ramayanam, at the Ayyappa Temple in R.K. Puram. Though Kerala had always kept itself abreast of happenings beyond the Western Ghats and the Vindhyas, the converse was not true.

Chaturvedi had earned a name for himself as a Hindi writer when he was an undergraduate. His thorough grounding in Sanskrit gave him the confidence to learn Malayalam "which has 80 per cent Sanskrit words."

After his meeting with Nehru, Chaturvedi took admission in the Department of Modern Indian Language (Malayalam) in Delhi University. There were ten students, nine of them girls, in the class on the first day. From the second day, the girls bolted from the scene, leaving Chaturvedi as the lone student in the class. But he had the company of two outstanding teachers — O.M. Anujan and Evoor Parameshwaran. "Once I got the feel of the language, it was easy going, thanks to the efforts and encouragement of my revered teachers," recalled Chaturvedi. Even while learning the language, Chaturvedi translated P. Keshava Dev's classic Malayalam novel *Odayil Ninnu* (*From the Gutter*) and critic Kuttikrishna Marar's travel book *Bharata Pariyadanam* (*An Indian Journey*) into Hindi. His own books were taught to Sanskrit BA and BA Honours and MA students in Delhi University while he was studying there.

After his Masters in both Malayalam and Hindi from Delhi University in 1964, Chaturvedi enrolled with the Kerala University for a doctorate, following his appointment as Principal of the Hindi Training College at Paravoor (near Quilon).When it was time for him to submit his doctoral thesis on "comparative studies of problem plays" in 1971, the university authorities insisted that he write it in English. Chaturvedi would have none of it and insisted on submitting his thesis either in Hindi or in Malayalam.

Eventually, he was allowed to submit his thesis in Hindi, and became the first doctorate awardee from Kerala University. He also completed his doctorate in Malayalam—the first North Indian to achieve the feat—to prove his proficiency in the language. For the next 40 years till he retired as the principal of the prestigious Keralavarma College in Trichur, it was Chaturvedi's singular mission to popularise Malayalam literature in the Hindi heartland, and Hindi literature to Malayalam readers. It was rather easy for Chaturvedi to break into the elite company of Malayalam literary giants like K P Kesha Menon (freedom fighter and the revered founder-editor of Mathrubhoomi), G Shankara Kurup (the first Jnanpith Award winner in Malayalam), M.T. Vasudevan Nair, Thakazhi Shivashankara Pillai, Uroob, short story writer T.Padmanabhan etc. due to his own eminence as a litterateur.

He got the Sahitya Akademi Award for the translation of Thakazhi's magnum opus *Kayar* (yarn).

His prodigious works in Malayalam include four volumes of *Valmiki Ramayanam*, one volume of *Kalidasa Sahitya Sam Sarvaswam*, translation of *Narayaneeyam* by Melpathur Narayana Bhattathiri, collections of five novels in one volume, and 23 childrens' books, published in three volumes. His Hindi translation of Swami Tapovana's *Himagiri Viharam,* named *Himalaya Darshan* went into five editions. His Malayalam translations of acclaimed Hindi classics like *Amrit* or *Vish* (*Nectar and Poison*) by Amrit Lal Nagar, *Bhoole Bisare Chitre* by Bhagwati Charan Verma

And *Bara Ghante* by Yashpal earned him much acclaim and many awards.

When asked who was his favourite Malayalam author, Chaturvedi said without a pause: M.T.Vasudevan Nair. According to Chaturvedi, the Hindi Vidyalaya movement in the South flopped when the Union Government tried to institutionalise it. "Through this exercise, some officials benefited, but the people lost interest in learning the language as the officials milked the project dry", lamented the scholar. He said in the 1960s, the South, particularly Kerala, popularised Hindi willingly, and giant national leaders like Chakravarti Rajagopalachari, contrary to popular perception, encouraged the teaching of Hindi in the South. Now, not only the Hindi movement in the South has died down due to official apathy, but the Malayalam department in Delhi University has closed shop too, causing immense hurt to Chaturvedi. Is anyone listening?

ഡോ. പി ആർ ജയശീലൻ

**കേരളത്തിലെത്തിയ സുധാംശു ചതുർവേദി കേരളവർമ കോളേജിൽ പ്രൊഫസറായി. അങ്ങനെ കാലക്രമത്തിൽ ഇവിടുത്തുകാരനായി. ഇവിടുത്തെ മണ്ണും മനുഷ്യരുമായുള്ള ബന്ധം അദ്ദേഹത്തെ തികച്ചും വ്യത്യസ്തമായ ഒരു ജീവിത പന്ഥാവിലെത്തിച്ചു. ഇവിടുത്തെ എഴുത്തുകാരുമായുള്ള ബന്ധം മറ്റൊരു സാംസ്കാരിക നിർമിതിക്ക് വഴിതെളിച്ചു – സുധാംശു ചതുർവേദിയുടെ ജീവിതം പറയുന്ന ഇ ജയചന്ദ്രൻ എഴുതിയ 'നിളയിലേക്കൊഴുകിയ ഗംഗ' എന്ന പുസ്തകത്തിന്റെ വായന...**

# സംസ്കാരത്തെ യോജിപ്പിക്കുന്ന ജീവചരിത്രം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി ഇ ജയചന്ദ്രൻ തയ്യാറാക്കിയ 'നിളയിലേക്കൊഴുകിയ ഗംഗ ' ഇന്ത്യയ്ക്കകത്തുള്ള രണ്ടു നദികളുടെ പ്രവാഹത്തെ,സംസ്കാരത്തെ സംയോജിപ്പിക്കുന്ന ഒരു ജീവചരിത്ര മാതൃകയാണ്. എന്താണ് ഈ ഒരു സംയോജനം എന്നാണെങ്കിൽ ഗംഗ ഒഴുകുന്ന ഒരു പ്രദേശത്ത് നിന്ന് നിളാനദി ഒഴുകുന്ന മറ്റൊരു ഇന്ത്യൻ പ്രദേശത്തേക്ക് നിയോഗം പോലെ എത്തിച്ചേർന്ന ഒരു മനുഷ്യന്റെ ജീവചരിത്ര കുറിപ്പുകളാണ്. അത് അക്കമിട്ടു നിരത്തിയ കുറേ സംഭവങ്ങൾ കൊണ്ട് അവസാനിക്കുന്ന ഒന്നല്ല. മറിച്ച് ഒരു തുടർച്ചയാണ്. കാലദേശങ്ങൾക്കതീതമായി ഒരു മനുഷ്യന്റെ ജീവിതവും എഴുത്തും അധ്യാപനവും ഒക്കെ ചേർന്ന ഒരു സാംസ്കാരിക പാഠം.

ഒരു ജീവചരിത്ര പുസ്തകത്തിന് ഇങ്ങനെയൊരു പേരോ എന്ന് പുസ്തകം കാണുന്ന മാത്രയിൽ ചിന്തിച്ചേക്കാം. പക്ഷേ സുധാംശു ചതുർവേദി എന്ന വ്യക്തിത്വത്തിലൂടെ കടന്നുപോകുന്ന വായന ഈ ശീർഷകത്തെ അക്ഷരം പ്രതി അർത്ഥപൂർണമാകുന്നു.

ഉത്തർപ്രദേശിലെ മാധവനഗർ എന്ന ഗ്രാമത്തിൽ ബ്രാഹ്മണ ജന്മി കുടുംബത്തിൽ ജനിച്ച സുധാംശുവിന്റെ ജീവിതരേഖ പാരമ്പര്യത്തിനും ആധുനികതയ്ക്കും ഇടയ്ക്കുള്ള സംഘർഷഭൂമികയിലാണ് ഉടനീളം നിർണയിക്കപ്പെടുന്നത്. സ്വന്തം നാട്ടിൽ വിദ്യാഭ്യാസമൊക്കെ നേടി പ്രതാപിയായി ബ്രാഹ്മണ്യത്തിന്റെ പുറംമോടിയിൽ പുലരേണ്ട ജീവിതം തികച്ചും സാഹസികം എന്നു പറയാവുന്ന മറ്റൊരു അന്വേഷണവും അനുഭവവും എടുത്തണിയുകയാണ്. ജന്മവാസനയും ആദർശബോധവും വിധിയും ഒക്കെ ചേർന്ന് ആ ജീവിതത്തെ തികച്ചും വ്യത്യസ്തമായ മാർഗത്തിലൂടെ നയിച്ചു. കേരളത്തിലെത്തിയ ചതുർവേദി കേരളവർമ കോളേജിൽ പ്രൊഫസറായി. അങ്ങനെ കാലക്രമത്തിൽ ഇവിടുത്തുകാരനായി. ഇവിടുത്തെ മണ്ണും മനുഷ്യരുമായുള്ള ബന്ധം അദ്ദേഹത്തെ തികച്ചും വ്യത്യസ്തമായ ഒരു ജീവിത പന്ഥാവിലെത്തിച്ചു. ഇവിടുത്തെ എഴുത്തുകാരുമായുള്ള ബന്ധം മറ്റൊരു സാംസ്കാരിക നിർമിതിക്ക് വഴിതെളിച്ചു. കുട്ടി



കൃഷ്ണമാരാരുടെ ഭാരതപര്യടനവും അതുപോലെ തകഴി തുടങ്ങിയ മറ്റു പല പ്രശസ്തരുടെ കൃതികളും ഹിന്ദിയിലേക്ക് മൊഴിമാറ്റം നടത്തി. തന്നിലുള്ള സംസ്കൃത പാണ്ഡിത്യം കൊണ്ട് വേദങ്ങളും ഉപനിഷത്തുകളും വാത്മികി രാമായണവും ഭാസ, കാളിദാസ കൃതികളും എല്ലാം സാധാരണക്കാരായ ആളുകൾക്ക് വേണ്ടി മലയാളത്തിലേക്കും മൊഴിമാറ്റം നടത്തി.

ഇത്തരം ഒരു ജീവിതത്തെ ഇ ജയചന്ദ്രന് പകർത്താനായതും മറ്റൊരു നിയോഗമാണ്. അതിനെ പിതൃനിയോഗം എന്നു വിളിക്കാം. നമസ്തേ മാസ്റ്റർജി എന്ന് കൈകൂപ്പി ചിരിച്ചു പറഞ്ഞുകൊണ്ട് സ്വന്തം അച്ഛനും കേരളവർമയിലെ തന്നെ അധ്യാപകനുമായ പ്രഭാകരൻ നായരെ കാണാനെത്തുന്ന വ്യക്തിത്വം. ജയചന്ദ്രന്റെ ഓർമകളിൽ നിന്നാണ് സംഭവബഹുലമായ ഈ ജീവചരിത്രത്തിന്റെ അധ്യായങ്ങൾ വിരിഞ്ഞു വരുന്നത്. ഗാർഹിക ജീവിതത്തിൽ നിന്നു തുടങ്ങുന്ന കുട്ടിക്കാലത്തെ അടുപ്പം നിറഞ്ഞ അനുഭവങ്ങൾ പിന്നീട് ആ വ്യക്തിത്വത്തെ സാമൂഹികവും സാംസ്കാരികവുമായി അടയാളപ്പെടുത്തുന്നതിലും വിജയം കൈവരിക്കുന്നു.

'തെളിയുന്ന ചിത്രം' മുതൽ 'ചിത്രങ്ങൾ' വരെയുള്ള ഇരുപത്തിരണ്ട് അധ്യായങ്ങളിലൂടെ, നൂറ്റി എഴുപത്തിരണ്ട് പേജുകളിലൂടെ കടന്നുപോകുമ്പോൾ ഉള്ള അനുഭവത്തെ ഇവിടെ പകർത്താനാവില്ല. അത് സുധാംശു എന്ന വ്യക്തിത്വത്തിന്റെ സഞ്ചാരപഥം പോലെയുള്ള എഴുത്തു രീതിയാണ്. അനുഭവവും ഭാഷയും സംയോജിക്കുന്ന കയ്യൊതുക്കത്തിന്റെ കരുത്തും സൗന്ദര്യവും ഒരേ പോലെ ശ്രദ്ധേയമാകുന്ന ഒന്ന്.

പുസ്തകാവലോകനത്തിന്റെ ഒരിടത്തെങ്കിലും ജീവചരിത്രകാരന്റെ തന്നെ മൗലികമായ ഒരു ഭാഗം വേണം എന്നുള്ളതുകൊണ്ട് ഞാനിത് എടുത്തു ചേർക്കുന്നു, 'ഡോ. സുധാംശു ചതുർവേദി ആരാണെന്നു ചോദിച്ചാൽ 1964 ൽ ഉത്തർപ്രദേശിലെ ഫറൂഖാബാദിൽ നിന്ന് കേരളത്തിൽ വന്ന് നാലു പതിറ്റാണ്ടുകളിലേറെ ഇവിടെ ജീവിച്ച ആൾ എന്നു മറുപടി പറയാം. എന്നാൽ അതു മാത്രമാണോ സുധാംശു ചതുർവേദി? അദ്ദേഹം ഒരു ബഹുമുഖ പ്രതിഭയാണ്, പ്രഗത്ഭനായ അധ്യാപകനാണ്, ഗ്രന്ഥകാരനും വിവർത്തകനുമാണ്, നോവലിസ്റ്റും നാടകകൃത്തുമാണ്. എല്ലാറ്റിനുമുപരി വലിയൊരു ഭാഷാപ്രേമിയും ആർദ്രമനസ്കനായ മനുഷ്യസ്നേഹിയുമാണ്.'



ഇ ജയചന്ദ്രൻ

ജീവചരിത്രകാരൻ തുടരുന്നുണ്ട്. സംസ്കൃതം, ഹിന്ദി എന്നീ ഭാഷകളിലെ അപാരമായ പാണ്ഡിത്യത്തോടൊപ്പം ഇവിടെയെത്തി മലയാളത്തിലും അതുപോലുള്ള അവഗാഹം അദ്ദേഹം നേടിയെടുക്കുന്നുണ്ട്. പേരെടുത്തു പറയേണ്ട ആവശ്യമില്ല, കേരളത്തിലെ ആ കാലം തൊട്ടുള്ള കവികളും എഴുത്തുകാരും നിരൂപകരും ആയ എല്ലാവരോടുമുള്ള സുശക്തമായ ബന്ധം, സംവാദങ്ങൾ, പല കൃതികളുടേയും ഹിന്ദിയിലേക്കുള്ള വിവർത്തനം

**ഡോ. സുധാംശു ചതുർവേദി ആരാണെന്നു ചോദിച്ചാൽ 1964 ൽ ഉത്തർപ്രദേശിലെ ഫറൂഖാബാദിൽ നിന്ന് കേരളത്തിൽ വന്ന് നാലു പതിറ്റാണ്ടുകളിലേറെ ഇവിടെ ജീവിച്ച ആൾ എന്നു മറുപടി പറയാം. എന്നാൽ അതു മാത്രമാണോ സുധാംശു ചതുർവേദി? അദ്ദേഹം ഒരു ബഹുമുഖ പ്രതിഭയാണ്, പ്രഗത്ഭനായ അധ്യാപകനാണ്, ഗ്രന്ഥകാരനും വിവർത്തകനുമാണ്, നോവലിസ്റ്റും നാടകകൃത്തുമാണ്.**

ഇതെല്ലാം ഡോ. സുധാംശു ചതുർവേദിയെ കൂടുതൽ കൂടുതൽ പണ്ഡിതനും സർഗാത്മക വ്യക്തിത്വവും ഉള്ള ആളാക്കി മാറ്റുകയായിരുന്നു.

മറ്റൊരു ഇന്ത്യൻ സംസ്ഥാനത്തു നിന്ന് കേരളത്തിലെത്തി ഇത്തരത്തിൽ സാഹിത്യവ്യക്തിത്വമായ ഒരാളേ ഉള്ളൂ. അത് സുധാംശു ചതുർവേദി മാത്രമാണ്. ഇതൊരു സാംസ്കാരിക പാഠം കൂടിയാണ്. മതത്തിനും ജാതിക്കും ഭാഷയ്ക്കും ഇടത്തിനും അപ്പുറം മനുഷ്യൻ എന്നതിന്റെ ഉണർവും ഉയർച്ചയും തന്നെയാണിത്.


ഗ്രന്ഥകാരൻ വളരെയധികം ആസൂത്രണം ചെയ്താണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. സാനുമാഷുടെ അവതാരിക, നിത്യചൈതന്യയതിയുടെ ആസ്വാദനക്കുറിപ്പ്. മഹാകവി ഒളപ്പമണ്ണ മുതൽ ഡോ. മുഞ്ഞിനാട് പത്മകുമാർ വരെയുള്ളവരുടെ പുസ്തകാഭിപ്രായങ്ങൾ. അനുബന്ധമായി സുധാംശു ചതുർവേദിയുടെ മുഴുവൻ കൃതികളും കാലഗണനയനുസരിച്ച് സൂചിപ്പിച്ചിരിക്കുന്നു. അതോടൊപ്പം പ്രമുഖരായ എഴുത്തുകാരോടൊപ്പമുള്ള ബഹുവർണ ചിത്രങ്ങൾ എന്നിവയെല്ലാം പുസ്തകത്തെ അലങ്കരിക്കുന്നു.

ഇപ്പോഴും സജീവമായ സാഹിത്യസാംസ്കാരിക പ്രവർത്തനങ്ങളിൽ മുഴുകി ഡോ. സുധാംശു ചതുർവേദി ഡൽഹിയിലുണ്ട് എന്ന് ജീവചരിത്രകാരൻ വെളിപ്പെടുത്തുന്നു.

തന്റെ മേഖലയും ഇടവും കണ്ടെത്തി ആത്മാർത്ഥതയോടെ അർപ്പണബോധത്തോടെ ധ്യാനാത്മകമായി ഇടപെടുന്ന രീതിയും വഴിയും ഒരു വ്യക്തിയെ തികച്ചും വ്യത്യസ്തനാക്കുന്നു. കല്ലും മുള്ളും നിറഞ്ഞ തന്റെ ജീവിതവഴികളെ സുഗമമാക്കിയെടുക്കുന്ന ജീവിതവൃത്തിയാണിത്.

ഏതൊരു എഴുത്തുകാരന്റെയും കാലദേശഭാഷകൾക്കതീതമായ സാഹിത്യസാംസ്കാരികസപര്യയെ ഡോ. സുധാംശുചതുർവേദിയിലൂടെ നമുക്ക് ദർശിക്കാം ●


MAGZTER



സുധാംശു ചതുർവേദി

# തുളസിക്കതിർ പോലൊരാൾ

അച്ഛനമ്മമാർ വിവാഹത്തിന് നിർബന്ധിക്കുമോ എന്നു ഭയന്ന് അറുപതുകളിൽ യു.പിയിലെ ഫറൂഖാബാദുകാരനായ ഒരു വിദ്യാർത്ഥി എം.എ കഴിഞ്ഞതിനുശേഷവും ഡൽഹിയിൽ തങ്ങുകയും അവിടെ വച്ച് നെഹ്റുവിനെ കാണാനിടയാവുകയും ചെയ്തു. രണ്ടാമത്തെ കൂടിക്കാഴ്ചയിലാണ് ഏതെങ്കിലും ഒരു ദക്ഷിണേന്ത്യൻ ഭാഷ പഠിക്കാൻ തയ്യാറാകുമോ എന്ന വെല്ലുവിളി നെഹ്റു അദ്ദേഹത്തോടുയർത്തിയത്. വെല്ലുവിളി ആ യുവാവ് ഏറ്റെടുക്കുകയും പിന്നീട് കേരളത്തിലെ വിഖ്യാതമായ ഒരു കലാലയത്തിൽ ദീർഘകാലം സേവനമനുഷ്ഠിക്കുകയും ചെയ്തു. മാത്രമല്ല പ്രകൃഷ്ടങ്ങളായ ഭാസസർവ്വസ്വം, കാളിദാസസർവ്വസ്വം എന്നീ കൃതികൾ രചിക്കുകയും പ്രഥിതമായ ഒട്ടേറെ മലയാള കൃതികൾ ഹിന്ദിയിലേക്ക് ഭാഷാന്തരം ചെയ്യുകയുമുണ്ടായി, അദ്ദേഹം. 118 കൃതികൾ രചിച്ച ആ വിഖ്യാതനായ വിദ്യാർത്ഥിയുടെ പേര് സുധാംശു ചതുർവേദി എന്നായിരുന്നു. ഇപ്പോൾ ഡൽഹിയിൽ വിശ്രമ ജീവിതത്തിലും കർമ്മനിരതനാണ് അദ്ദേഹം.

ഹൈസ്കൂൾ കാലത്തെ വെക്കേഷനുകളിൽ പെരിങ്ങണ്ടൂർ ഗ്രാമീണ വായനശാലയിലെ മരം കൊണ്ടുള്ള തടിച്ച പുസ്തക അലമാരകളിൽ പുസ്തകങ്ങൾ തിരയുന്ന സമയം ഒട്ടേറെ പരിഭാഷാ ഗ്രന്ഥങ്ങളുടെ കർത്താവായാണ് ഞാൻ ആദ്യമായി സുധാംശു ചതുർവേദി എന്ന പേരു കേൾക്കുന്നത്. അതേ ആൾ 1981 ൽ കേരളവർമ്മ കോളെജിലെ ഹിന്ദി ക്ലാസിൽ ആൾ രൂപമെടുത്ത് വന്നു നിന്നപ്പോഴുള്ള അമ്പരപ്പ് പറഞ്ഞറിയിക്കാനാവാത്തതായിരുന്നു. ഇപ്പോഴിതാ ഇ.ജയചന്ദ്രൻ രചിച്ച അദ്ദേഹത്തിന്റെ ജീവചരിത്രഗ്രന്ഥവും; മനോഹരമായ "നിളയിലേക്കൊഴുകിയ ഗംഗ"എന്ന പേരോടെ. ഒളപ്പമണ്ണ നിർദ്ദേശിച്ചതാണത്രെ സാരഗർഭമായ ഈ ഗ്രന്ഥനാമധേയം!

തന്റെ നിർമ്മലതയും നിഷ്കളങ്കതയും മുഴുവൻ വെളിവാക്കുന്ന രൂപഭാവങ്ങളായിരുന്നു സുധാംശുചതുർവേദി എന്ന അധ്യാപകനെന്ന് 40 വർഷം കാലത്തിലൂടെ പിന്നിലേക്ക് സഞ്ചരിച്ച് ശ്രീ കേരളവർമ്മ കോളെജിലെ ഹിന്ദി ക്ലാസുകളെ മുൻനിർത്തി ഞാനോർത്തെടുക്കുന്നു. ഞാനും ആ മനീഷിയുടെ ശിഷ്യത്വം മടി കൂടാതെ അവകാശപ്പെടുകയാണ്; ഗുരുനാഥനെക്കുറിച്ചുള്ള കഥകൾ പറഞ്ഞു തന്ന ജയചന്ദ്രനെ അനുഭാവപൂർവ്വം



MAGZTER
MAGZTER
Clipped from - Kalakaumudi - 30.05.2021
Read it digitally on the Magzter app

വായിക്കുകയാണ്. മാത്രമല്ല;

"ജനിയിൽ നിന്നു ബ്ളോക്കായാൽ
മൃതിതൻ സ്റ്റേഷനെത്തുവാൻ
കുതിച്ചു പറയും തീവണ്ടി
ജീവികൾക്കിഹ ജീവിതം"

എന്ന ഒറ്റ അനുഷ്ടുപ്പിൽ ജീവിതത്തെ സംഗ്രഹിച്ച ജയചന്ദ്രന്റെ പിതാവ് തിരുത്തിക്കാട്ട് പ്രഭാകരൻ നായർ സുധാംശുചതുർവേദിയുടെ സഹപ്രവർത്തകൻ മാത്രമല്ല; ആത്മാവിന്റെ അയൽക്കാരൻ കൂടി ആയിരുന്നു എന്നതും ഞാൻ ഈ ഗ്രന്ഥപാരായണത്തോടു ചേർത്തു വയ്ക്കട്ടെ.

നെഹ്റുവിന്റെ വെല്ലുവിളി ഏറ്റെടുത്ത് മലയാളവും ഹിന്ദിയും ഒരേസമയം ഐച്ഛികവിഷയങ്ങളായെടുത്താണ് സുധാംശു ഡൽഹി യൂണിവേഴ്സിറ്റിയുടെ എം.ഐ.എൽ (മോഡേൺ ഇന്ത്യൻ ലാംഗ്വേജസ്)കോഴ്സിന് ചേരുന്നത്. അവിടെ ഒ.എം.അനുജന്റെ മലയാളം ക്ളാസിൽ മലയാളത്തിന്റെ വിഖ്യാതമായ ആദ്യക്ഷരം 'അ' കണ്ടാണ് കുട്ടികൾ ഇറങ്ങിപ്പോയതെന്നും സുധാംശു മാത്രമാണ് അവശേഷിച്ചതെന്നും ഗ്രന്ഥകർത്താവ് പറയുന്നത് ചിരിയുണർത്തുമെങ്കിലും അത് ചിന്തോദ്ദീപകം കൂടിയാണ്.

17–ാം വയസ്സിൽ ആദ്യ കവിതാ സമാഹാരമായ 'സുമനാഞ്ജലി' പ്രസിദ്ധീകരിച്ചു സുധാംശു.

അദ്ധ്യായത്തിൽത്തന്നെ വരച്ചിടുന്നത്.

വികാരപരവും ഭയജനകവുമാണ് 'ദമയന്തി ചേച്ചിയുടെ ഓർമ്മകളുമായി' എന്നഅദ്ധ്യായം. ചേച്ചിയുടെ അകാലവിയോഗവും അവരെ കാണാനുള്ള വീട്ടിലേക്കുള്ള വരവിൽ കൊള്ളക്കാരുമായുള്ള മുഖാമുഖവുമാണ് ഈ അദ്ധ്യായത്തെ അനന്യമാക്കുന്നത്. 'വിവർത്തകനാവുന്നു' എന്ന ആറാം അദ്ധ്യായത്തിൽ 'ഓടയിൽ നിന്ന്' 'ഭാരതപര്യടനം' എന്നീ കൃതികൾ സുധാംശു വിവർത്തനം ചെയ്യാനുണ്ടായ സാഹചര്യം വിവരിക്കുന്നു.


സാഹിത്യം, അധ്യാപനം എന്നീ കർമ്മമേഖലകളിലുപരി മനുഷ്യത്വത്തിന്റെ കൊടിക്കൂറ ഉയരത്തിൽ പാറിച്ച മനീഷി കൂടിയായിരുന്നു സുധാംശുവെന്ന് ഗ്രന്ഥകർത്താവ് പലയിടങ്ങളിൽ പ്രസ്താവിക്കുന്നുണ്ട്. കൊള്ളക്കാരനായി മാറിയ സഹപാഠിയെ വീട്ടിൽ കൊണ്ടുവന്ന് ഊട്ടുന്ന സുധാംശു, പുനലൂരിലെ ഹിന്ദി വിദ്യാലയത്തിൽ തുടരുന്നില്ലെന്നു തീരുമാനിച്ചതിനാൽ അവിടെ നിന്ന് തന്റെ അദ്ധ്യാപനത്തിന് പ്രതിഫലം വാങ്ങാതെ നിഷ്ക്രമിക്കുന്ന സുധാംശു, പൊതുദർശനത്തിനു വച്ച നെഹ്റുവിന്റെ ഭൗതികദേഹം വരിനിന്ന് മൂന്ന് വട്ടം കണ്ട സുധാംശു എന്നിവ അവയിൽ ചിലതുമാത്രമാണ്.

വെല്ലുവിളികളെ സധീരം ഏറ്റെടുക്കാനുള്ള സുധാം

**ഒട്ടേറെ പരിഭാഷാ ഗ്രന്ഥങ്ങളുടെ കർത്താവായാണ് ഞാൻ ആദ്യമായി സുധാംശു ചതുർവേദി എന്ന പേരു കേൾക്കുന്നത്. അതേ ആൾ 1981 ൽ കേരളവർമ്മ കോളേജിലെ ഹിന്ദി ക്ളാസിൽ ആൾ രൂപമെടുത്ത് വന്നു നിന്നപ്പോഴുള്ള അമ്പരപ്പ് പറഞ്ഞറിയിക്കാനാവാത്തതായിരുന്നു. ഇപ്പോഴിതാ ഇ.ജയചന്ദ്രൻ രചിച്ച അദ്ദേഹത്തിന്റെ ജീവചരിത്രഗ്രന്ഥവും; മനോഹരമായ "നിളയിലേക്കൊഴുകിയ ഗംഗ"എന്ന പേരോടെ.**

കല്പന എന്ന ഹിന്ദി നോവൽ അതിനുമുമ്പേ പ്രസിദ്ധീകരമായിരുന്നു. തന്റെ രചനകളായ സംക്ഷിപ്തബാലകാണ്ഡം ബി.എയ്ക്കും 'മേഘദൂത്'എം.എയ്ക്കും പഠിക്കാനുള്ള യോഗമുണ്ടായി സുധാംശുവിന്. ചെറുപ്പത്തിലെ ലഭിക്കാൻ തുടങ്ങിയ പുസ്തകങ്ങളുടെ റോയൽറ്റിയും ട്യൂഷൻ ഫീസുമാണ് സുധാംശുവിന്റെ വിദ്യാഭ്യാസചെലവുകളിലേക്ക് സംഭാവനയായത്.

രോഗശയ്യയിലായിരുന്ന ഉത്തമ സുഹൃത്ത് തിരുത്തിക്കാട് പ്രഭാകരൻ നായരെ കണ്ട് ഇനി താൻ വരാൻ പാടില്ലെന്ന് പറഞ്ഞ് നിഷ്ക്രമിച്ച സുധാംശു മൈസൂർ– ഊട്ടി ടൂറിലായിരുന്നിട്ടുകൂടി അത് റദ്ദ് ചെയ്ത് അദ്ദേഹം മരിച്ച് അരമണിക്കൂറിനകം കാണാൻ വരുന്ന രംഗം ആർദ്രതയോടെയാണ് ജയചന്ദ്രൻ ആദ്യ




ശുവിന്റെ മന:സ്ഥൈര്യത്തെ ഇങ്ങനെയാണ് ഗ്രന്ഥകർത്താവ് പുരസ്കരിക്കുന്നത്. "വെല്ലുവിളികളെ സത്യസന്ധതയോടെ ധീരമായി അഭിമുഖീകരിക്കുന്നിടത്താണ് മനുഷ്യന്റെ വ്യക്തിത്വം തെളിഞ്ഞു വരുന്നത്."(അഞ്ചുവയസ്സുള്ള മൂന്നാം ക്ളാസുകാരൻ എന്ന അധ്യായം)

ജീവചരിത്രത്തിലുടനീളം സുധാംശു ചതുർവേദിയുടെ വ്യക്തിത്വം ചേതോഹരമായി മിഴിവോടെ വരച്ചിടുന്നുണ്ട് ഗ്രന്ഥകർത്താവ്. എട്ടാം ക്ളാസിൽ പഠിക്കുമ്പോൾത്തന്നെ 'കല്പന'എന്ന നോവലെഴുതി പ്രസിദ്ധീകരിച്ച സുധാംശു, താൻ പരീക്ഷയിൽ ഒന്നാമതെത്താതിരിക്കാൻ കൊലയാളികളെ നിയോഗിച്ച കൂട്ടുകാരെ മറികടക്കുന്ന സുധാംശു, ഏതോ ഉൾ



MAGZTER

MAGZTER
Clipped from - Kalakaumudi - 30.05.2021
Read it digitally on the Magzter app

പ്രേരണയാൽ ഉറൂബ് മരിക്കുന്നതിന് 3 ദിവസം മുൻപ് (പന്ത്രണ്ടു ദിവസം കൊണ്ട്)'സുന്ദരികളും സുന്ദരന്മാരും' വിവർത്തനം പൂർത്തിയാക്കിയ സുധാംശു, ഗവേഷണപ്രബന്ധം ഇംഗ്ലീഷിൽത്തന്നെ വേണമെന്ന കേരളായൂണിവേഴ്സിറ്റിയുടെ നിയമത്തിനെതിരെ പോരാടി ഹിന്ദിയിൽത്തന്നെ പ്രബന്ധം സമർപ്പിച്ച് ഡോക്ടറേറ്റ് നേടിയ സുധാംശു, വിദ്യാർത്ഥി നേതാക്കളുടെയും പ്രിൻസിപ്പലിന്റെ തന്നെയും നിർബന്ധത്തിനു വഴങ്ങി സമരദിവസം പകുതിയിലവസാനിപ്പിച്ച അദ്ധ്യാപനം മുഴുവൻ വിദ്യാർത്ഥികളെയും വീട്ടിലേക്കു വിളിച്ചുവരുത്തി പൂർത്തിയാക്കിയ സുധാംശു എന്നിങ്ങനെ പോകുന്ന ആ സ്മൃതി ചിത്രങ്ങൾ.



**ഇ.ജയചന്ദ്രൻ**

സാഹിത്യചരിത്രത്തിലാദ്യമായി കേരളാസാഹിത്യ അക്കാദമി അവാർഡ് നേടിയ മലയാളിയല്ലാത്തയാൾ,കേരളായൂണിവേഴ്സിറ്റിയിൽ നിന്ന് ആദ്യമായി ഡോക്ടറേറ്റ് നേടിയ മറുനാട്ടുകാരൻ എന്നീ പട്ടങ്ങളും സുധാംശുവിന്സ്വന്തം. ആകെ 118 ഗ്രന്ഥങ്ങൾ രചിച്ച സുധാംശു 'കയറി'ന്റെ പരിഭാഷക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡും നേടുകയുണ്ടായി.

കൗതുകവും ഉദ്വേഗവും ഉണർത്തുന്നതാണ് ജയചന്ദ്രന്റെ ജീവചരിത്രവിവരണം. കഥാപുരുഷനെ അടുത്തറിഞ്ഞതിന്റെയും അദ്ദേഹത്തിന്റെ സ്വഭാവ ജീവിതം സവിശേഷതകൾ തിരച്ചറിഞ്ഞതിന്റെയും പിൻബലം അതിനുണ്ട്. പല അധ്യായങ്ങളും കഥപറച്ചിൽ കേൾക്കുന്നതുപോലെയുള്ള വായനാസുഖവും പ്രദാനം ചെയ്യുന്നുണ്ട്.

"മലയാളികളെ ഓരോരുത്തരെയും തന്നോടു ഋണബദ്ധരാക്കി" സുധാംശു എന്ന ഗ്രന്ഥകർത്താവിന്റെ നിരീക്ഷണം മൗലികവും പ്രസക്തവുമാണ്.


അന്യഭാഷാദൗത്യവുമായി മലയാളത്തെ പുൽകിയ ഈ ചരിത്രപുരുഷനെ വേണ്ടും വണ്ണം രേഖപ്പെടുത്തിയില്ലായിരുന്നെങ്കിൽ, കേരളം സുധാംശു ചതുർവേദി എന്ന സാഹിത്യകാരനോടു ചെയ്യുന്ന കൃതഘ്നതയാവുമായിരുന്നു അത്. ഇവിടെ ജയചന്ദ്രൻ സൂക്ഷ്മതയോടും കൃത്യതയോടും കൂടി മലയാളത്തിനുവേണ്ടി ആ ദൗത്യം നിർവഹിച്ചിരിക്കുന്നു.

ഈ ജീവചരിത്രഗ്രന്ഥത്തിന് ഉചിതമായ തലക്കെട്ടു നൽകിയ ഒളപ്പമണ്ണ, സുധാംശുവിനെ "തുളസിനാമ്പുപോലെ ചെറുതും നിർമ്മലവുമായ രൂപഭാവങ്ങളുള്ള" ആളായി നിർണ്ണയിച്ചെടുത്തതിനെ ഗ്രന്ഥകാരനോടുചേർന്ന് ഞാനും അടിവരയിട്ടുറപ്പിക്കുന്നു.

(കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചതാണ് ഇ.ജയചന്ദ്രന്റെ "നിളയിലേക്കൊഴുകിയ ഗംഗ" എന്ന ജീവചരിത്രഗ്രന്ഥം)

**(പത്മദാസ്: 9447939997)**

MAGZTER
MAGZTER
Clipped from - Kalakaumudi - 30.05.2021
Read it digitally on the Magzter app



സുധാംശു ചതുർവേദി

# വിസ്മയ ജീവിതത്തിന്റെ വാതിൽ തുറക്കുമ്പോൾ

**ഉത്തരപ്രദേശിലെ ഒരു കുഗ്രാമത്തിൽനിന്ന് ഈ മണ്ണിലേക്ക് പറിച്ചുനടപ്പെട്ട ശതശാഖികളായി വളർന്നു പടർന്നു പന്തലിച്ച ഒരു മനുഷ്യന്റെ ജീവിതകഥ നമ്മെ അനുഭവിപ്പിക്കുകയാണ് നിളയിലേക്ക് ഒഴുകിയ ഗംഗ എന്ന കൃതിയിലൂടെ ഇ. ജയചന്ദ്രൻ**

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ശോഷിച്ചിരുന്ന സാഹിത്യ ജനുസുകളിലൊന്നാണ് ജീവചരിത്രം. അത്തരമൊരു സാഹിത്യശാഖ വളർന്നുവരാൻ ഇടയായ ഒരു സാമൂഹ്യ പശ്ചാത്തലത്തിൽ വന്ന മാറ്റമാണ് ഈ സാഹിത്യശാഖയുടെ വളർച്ചയ്ക്ക് ഗതിവേഗം കുറച്ചത്. വിവിധ മേഖലകളിൽ മാതൃകാപരമായി ഇടപെട്ടിരുന്ന ധിഷണാശാലികൾ പലരും സ്വന്തം ജീവിതാനുഭവങ്ങൾ എഴുതിവെയ്ക്കാൻ വിമുഖരായിരുന്നു. വേഗതയേറിയ ജീവിതത്തിനിടയിൽ അവർക്ക് അതിനു സമയം കിട്ടാതെ പോയി എന്നും പറയാം

എന്നാൽ ചിലരെങ്കിലും, തങ്ങൾ ഈ ഭൂമുഖത്തു ജീവിച്ചിരുന്നു എന്ന് അടയാളപ്പെടുത്താൻ സ്വന്തം ജീവിതം സ്വയം എഴുതിവെച്ചു. അതോടെ ആത്മകഥകൾക്ക പുതിയ രൂപഭാവങ്ങൾ കൈവന്നു. ആത്മപ്രശംസയും വൈരനിര്യാതനവുമെല്ലാം ആ സാഹിത്യശാഖയുടെ ജന്മദോഷങ്ങളായിരുന്നു. 'ഞാൻ' നിറഞ്ഞുനിൽക്കുകയും കാലവും ലോകവും നിഷ്പ്രഭമായി പോകുകയും ചെയ്യുന്ന അത്തരം ആത്മകഥകൾ പല വായനക്കാരെയും വല്ലാതെ പൊറുതിമുട്ടിച്ചു. എന്നാൽ, വ്യത്യസ്തമായ ഒരു ജീവിതം അനുഭവിച്ചുതീർത്ത സർഗ്ഗധനരായ ചിലർ സ്വന്തം ജീവിതം എഴുതിയതോടെ ആത്മകഥകൾക്ക വായനക്കാർ ഏറി. ജീവചരിത്രകാരൻ എന്ന

മദ്ധ്യവർത്തിയുടെ സഹായമില്ലാതെ തന്നെ വായനക്കാർ വ്യതിരിക്തമായ ജീവിതങ്ങളെ വായിച്ചു തീർത്തു.

തീക്ഷ്ണമായ ജീവിതാനുഭവങ്ങൾ ഉണ്ടെങ്കിലും എഴുത്തിൽ വിജയിക്കുമോ എന്ന് ചിന്തിക്കുന്നവരെ സഹായിക്കാൻ കേട്ടെഴുത്തുകാർ രംഗത്തുവന്നു. ഹൃദ്യമായ സംഭാഷണങ്ങളിലൂടെ ജീവിതാനുഭവം കേട്ടു രസിക്കുന്ന അനുഭവം വായനക്കാരനുണ്ടായി. ദൃശ്യമാധ്യമങ്ങൾക്കു പ്രചാരമേറിയതോടെ കാഴ്ചയും കേൾവിയും പശ്ചാത്തല സംഭവങ്ങളുമെല്ലാമായി അനുഭവലോകം നിറച്ചാർത്തണിഞ്ഞു. പല പ്രയാസങ്ങൾ പേറുന്ന വായനക്കാരനിൽ നിന്നു കസേരയിലെ അലസനായ കാഴ്ചക്കാരനിലേക്ക് അപരജീവിതമന്വേഷിക്കുന്നവർ മാറി. മറ്റൊരാളുടെ സ്വകാര്യ ലോകത്തെ കണ്ട് നിർവൃതി അടയുന്നവരായിരുന്നു, ചുരുക്കം ചില വായനക്കാർ. നിരൂപകൻമാർ മുതൽ പലരും പറയുന്നതു കേട്ട് അത്തരമൊരു സുഖാനുഭവത്തിനായി ആത്മകഥകൾ അന്വേഷിച്ചു ചെന്നവരുമുണ്ടായിരുന്നു.

ആത്മകഥ എന്ന സാഹിത്യരൂപത്തിനു കിട്ടിയ സ്വീകാര്യത ജീവചരിത്രമെന്ന സാഹിത്യ രൂപത്തെ ക്ഷീണിപ്പിച്ചു എന്നു പറയാം. ഭാഷാ - സാഹിത്യ വിദ്യാർത്ഥികൾക്ക് ഒരു സാഹിത്യരൂപത്തെ പരിചയപ്പെടുത്താനുള്ള മാതൃക എന്ന നിലയിൽ ചില കൃതികൾ ഉണ്ടായിക്കൊണ്ടിരുന്നു എന്നുമാത്രം - എന്നാൽ, അസാധാരണമായ ഒരു ജീവിതം, ജീവിച്ചു തീർത്ത ചിലരെങ്കിലും അപൂർവ്വമായ ആ ജീവിതം എഴുതിവെയ്ക്കാതെ കാലാബ്ധിയിലേക്ക് ഒഴുകി മറഞ്ഞുപോയിരിക്കും. പല അടയാളങ്ങൾ അവർ ബാക്കിവെച്ചിരിക്കാമെങ്കിലും ആദിമധ്യാന്ത പൊരുത്തമുള്ള ഒരു വ്യക്തിജീവിതം പിൻതലമുറയ്ക്കു വായിച്ചെടുക്കാൻ സാധിക്കാതെ പോയേക്കാം. ആ വ്യക്തിജീവിതത്തിന്റെ അനന്യത അവർക്കു പ്രയോജനപ്പെടുന്നതുമായിരിക്കാം. കർമ്മനിരതമായ ജീവിതത്തിനകത്ത് പറയാതെ പോയവയെ കണ്ടെത്തി പൂർത്തീകരിക്കാൻ ഇന്നും ഒരു ജീവചരിത്രകാരന്റെ സഹായം ഭാഷാസ്നേഹികൾ ഉറ്റുനോക്കുന്നു. അവർക്കായി ഒരാൾ ഏകാഗ്രതയോടെ നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണതയാണ് ഒരു ജീവചരിത്രകൃതി -ജീവചരിത്രം-ഒരു പൂർണ്ണ ജീവിതത്തെ അവതരിപ്പിക്കണം. എന്നാൽ, അത് ജീവിതത്തിന്റെ കാലഗണനപട്ടികയല്ല. കാലവും വ്യക്തിയും തമ്മിൽ നടന്ന സംവാദത്തിന്റെ കരണപ്രതികരണങ്ങളുടെ സർഗ്ഗാത്മകമായ പ്രതിപാദനമായിരിക്കണം. എഴുത്തുകാരന്റെ പക്ഷപാതങ്ങൾ വരികൾക്കിടയിൽപോലും നിഴലിക്കയുമരുത്.

ഒരു രാസത്വരകത്തെപ്പോലെ -Catalytic agent-യായിരിക്കണം എഴുത്തുകാരന്റെ മനസ്സ്. ആരുടെ ജീവിതത്തെക്കുറിച്ചാണോ എഴുതുന്നത് ആ ജീവിതത്തിൽ എഴുത്തുകാരൻ അലിഞ്ഞുചേരണം. എന്നാൽ, എഴുതാനിരിക്കുമ്പോൾ നിർവ്വികാരനും നിസ്സംഗനുമായിരിക്കണം. വാക്കും വസ്തുതകളും ചേർത്തുവെയ്ക്കുമ്പോൾ വായനക്കാരനായി സ്വയം മാറണം.

ഇതെല്ലാം മനസ്സിൽവെച്ചു കൊണ്ടാണ് ഇ. ജയചന്ദ്രൻ രചിച്ച 'നിളയിലേക്കൊഴുകിയ ഗംഗ' എന്ന പുസ്തകം വായനക്കെടുത്തത്. പ്രശസ്ത കലാകാരനായ ഒടുവിൽ ഉണ്ണിക്കൃഷ്ണനെക്കുറിച്ചെഴുതിയ 'ഒടുവിൽ മായാത്ത ഭാവങ്ങൾ' എന്ന കൃതി ശ്രദ്ധേയമായിരുന്നു: ഏറെ ജനപ്രിയനായ ഒരു സിനിമാനടനെക്കുറിച്ച് എഴുതുന്നതുപോലെയല്ലല്ലോ ഒരു പണ്ഡിതനെക്കുറിച്ച്, ക്ലാസ്സ്മുറിക്ക് അകത്തു ജീവിച്ച ഒരു അധ്യാപകനെക്കുറിച്ച് എഴുതുക എന്നത് - ഒരു 'o' വട്ടത്തിലുള്ള ജീവിതം എഴുതി വളർത്താൻ കഴിയുമോ?

സുധാംശു ചതുർവേദി എന്ന മനുഷ്യന്റെ ശ്രേഷ്ഠജീവിതത്തെ, അതിന്റെ അസാധാരണമായ ഗതിവിഗതികളെ പറഞ്ഞുഫലിപ്പിക്കുന്നതിൽ ജയചന്ദ്രൻ കാണിച്ച കയ്യൊതുക്കം എന്നെ വിസ്മയിപ്പിച്ചു. കാലപ്രവാഹത്തിൽ കാലിടറാതെ കേരളക്കരയിലെത്തി മലയാള സാഹിത്യത്തിന്റെ ദത്തുപുത്രനായി മാറിയ സുധാംശു ചതുർവേദിയുടെ ജീവിതം നാളേയ്ക്കുവേണ്ടി അടയാളപ്പെടുത്തിവെയ്ക്കാൻ എഴുത്തുകാരനു കഴിഞ്ഞു.

ജനിച്ച മണ്ണിൽനിന്നു പറിച്ചുനടപ്പെട്ടവന്റെ ജീവിതകഥ മലയാളി പലവുരു വായിച്ചതാണ്. നോവലുകളിൽ, ചെറുകഥകളിൽ, ആത്മകഥകളിൽ, അനുഭവക്കുറിപ്പുകളിൽ എല്ലാം. ചലച്ചിത്രങ്ങളിലൂടെ ദൃശ്യാനുഭവമായും മലയാളി അപൂർവ്വമായ ഈ അനുഭവങ്ങളിലേക്കു യാത്ര ചെയ്തു. എന്നാൽ, അതെല്ലാം കേരളത്തിൽനിന്ന് അന്യനാടുകളിലേക്ക് കുടിപാർക്കേണ്ടിവന്ന മലയാളിയുടെ ജീവിതവ്യഥകളും കഥകളുമായിരുന്നു. എന്നാൽ, കേരളത്തെ സ്നേഹിച്ച് ഉത്തരപ്രദേശിലെ ഒരു കുഗ്രാമത്തിൽനിന്ന് ഈ മണ്ണിലേക്ക് പറിച്ചുനടപ്പെട്ട ശതശാഖികളായി വളർന്നു പടർന്നു പന്തലിച്ച ഒരു മനുഷ്യന്റെ ജീവിതകഥ നമ്മെ അനുഭവിപ്പിക്കുകയാണ് നിളയിലേക്ക് ഒഴുകിയ ഗംഗ എന്ന കൃതിയിലൂടെ ഇ. ജയചന്ദ്രൻ.

ജ്ഞാനാന്വേഷണത്തിനായി ആയുസ്സും വപുസ്സും സമർപ്പിച്ച ആരാധ്യമായ ഒരു സൗമ്യജീവിതം ചെറിയ ചെറിയ ജീവിതചിത്രങ്ങൾ വരച്ചുചേർത്തുവെച്ച് എഴുത്തുകാരൻ നമുക്കു മുന്നിൽ അവതരിപ്പിക്കുന്ന ആചാരങ്ങളുടെ ലോകത്തിൽ


now on sale


Home in the World
A Memoir
Amartya Sen
₹ 899

Emergence of a Slave Caste
Pulayas of Kerala
K. Saradamoni
₹ 450

The Upper Cloth Revolt in South Travancore
Theological Interpretation of a Subaltern Movement
Viju Wilson
₹ 1450

Confessions of the Flesh
Michel Foucault
₹ 1099

Modern
mbc bookcentre
info@modernbookcentre.com
Gandari Amman Kovil Road, TRIVANDRUM - 1
Tel: 0471-2333186




**തൃശ്ശൂർ ശ്രീ കേരളവർമ്മ കോളേജിലെ അദ്ധ്യാപകനായി മലയാളനാടിനോട് അലിഞ്ഞു ചേർന്ന മഹാപണ്ഡിതനാണ് സുധാംശു ചതുർവേദി. വിവിധ ഭാഷകളിൽ നല്ല അറിവും ഉന്നത ബിരുദവും വിപുലമായ രാഷ്ട്രീയ പരിചയങ്ങളും എല്ലാമുണ്ടായിരുന്ന അദ്ദേഹത്തിന് ഇന്ത്യയിലെ പ്രശസ്തമായ ഏതെങ്കിലും സർവ്വകലാശാലയിൽ വൈസ് ചാൻസലർ വരെ ആകാൻ കഴിയുമായിരുന്നു**

ജനിച്ച ഒരു പരദേശി ബ്രാഹ്മണൻ - ചതുർവേദി - അറിവുകൊണ്ട് സ്ഫുടം ചെയ്ത ഒരു മനുഷ്യജീവിതം സ്വയം നിർമ്മിച്ചെടുത്തതിന്റെ ചരിത്രമാണ് ഈ കൃതിയിൽ നാം വായിച്ചെടുക്കുന്നത്. ഗ്രന്ഥകാരന്റെ അച്ഛന്റെ സുഹൃത്തും സഹപ്രവർത്തകനുമായിരുന്നു സുധാംശു ചതുർവേദി. എഴുത്തുകാരനു വ്യക്തിപരമായ അടുപ്പവും അറിവും ആദരവുമെല്ലാം ചതുർവേദിയുമായി ഉണ്ടെങ്കിലും അതിഭാവുകത്വമൊട്ടുമില്ലാതെ, ആ ജീവിതം എഴുത്തുകാരൻ നമുക്കു മുന്നിൽ തുറന്നുവെയ്ക്കുന്നു. കിട്ടാവുന്ന വിവരങ്ങളെല്ലാം ശേഖരിച്ച്, അവയെല്ലാം ശരിയാംവിധം വിശകലനം ചെയ്ത് അവധാനതയോടെ എഴുതി പൂർത്തിയാക്കാൻ കാണിച്ച 'ക്ഷമ' നമ്മെ അമ്പരപ്പിക്കും. 1995-ൽ പുസ്തകത്തിന്റെ ആദ്യ പതിപ്പ് പുറത്തുവന്നതാണ്. എന്നാൽ, കൂടുതൽ വസ്തുതാന്വേഷണം നടത്തി, ആവശ്യമായ സംശോധനം നടത്തി 2020-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രകാശനം ചെയ്ത 'നിളയിലേക്കൊഴുകിയ ഗംഗ'യുടെ പുതിയ പതിപ്പ് കാലികപ്രസക്തിയുള്ളതുതന്നെ.

തൃശ്ശൂർ ശ്രീ കേരളവർമ്മ കോളേജിലെ അദ്ധ്യാപകനായി മലയാളനാടിനോട് അലിഞ്ഞു ചേർന്ന മഹാപണ്ഡിതനാണ് സുധാംശു ചതുർവേദി. വിവിധ ഭാഷകളിൽ നല്ല അറിവും ഉന്നത ബിരുദവും വിപുലമായ രാഷ്ട്രീയ പരിചയങ്ങളും എല്ലാമുണ്ടായിരുന്ന അദ്ദേഹത്തിന് ഇന്ത്യയിലെ പ്രശസ്തമായ ഏതെങ്കിലും സർവ്വകലാശാലയിൽ വൈസ് ചാൻസലർ വരെ ആകാൻ കഴിയുമായിരുന്നു. എന്നാൽ, കർമ്മബന്ധങ്ങളെ ഒന്നൊന്നായി മുറിച്ചുമാറ്റി ദേശാന്തരം നടത്തി കേരളക്കരയിൽ എത്തിച്ചേർന്ന ഈ മനുഷ്യന് മലയാളിയുടെ സ്നേഹബന്ധങ്ങളെ മുറിച്ചുമാറ്റാൻ കഴിഞ്ഞില്ല. അറിവിന്റെ ലോകത്തിൽ ആകൃഷ്ടനായി, ഈ മണ്ണിൽ അദ്ദേഹം പുതുജീവിതം നിർമ്മിച്ചെടുത്തു. സാഹസികമായ അറിവന്വേഷണ യാത്രയാണ് പതിനെട്ട് അദ്ധ്യായങ്ങളിലായി ഗ്രന്ഥകാരൻ വിവരിക്കുന്നത്. ചതുർവേദിയുടെ സർഗ്ഗലോകത്തിന്റെ അനുക്രമണികയും ലഭിച്ച പുരസ്കാരങ്ങളും കൗതുകമുണർത്തുന്ന ഫോട്ടോകളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യത്തെക്കുറിച്ച് പണ്ഡിതോചിതമായി പ്രസംഗിക്കുന്ന പലരും അതിനെ അടുത്തറിയാൻ ശ്രമിക്കാറില്ല. ഉത്തരേന്ത്യക്കാർ പൊതുവെ സംസ്കൃതത്തിന്റേയും ഹിന്ദിയുടേയും അപൂർവ്വം ചിലർ ഉർദുവിന്റേയും ഭാഷാലോകത്തിലെ തടവുകാരാണ്. ആ സാഹിത്യ സംസ്കാരത്തിൽ അഭിമാനം കൊള്ളുന്നവരാണ്. എന്നാൽ, തത്തുല്യമായ ഭാഷാ സാംസ്കാരിക സമ്പത്ത് പ്രാദേശിക സംസ്കൃതിക്കുണ്ടെന്നു തിരിച്ചറിഞ്ഞ ദേശീയ നേതാവായിരുന്നു ജവഹർലാൽ നെഹ്റു. ദേശീയോദ്ഗ്രഥനം സാർത്ഥകമായി മുന്നേറണമെങ്കിൽ പരസ്പര ബഹുമാനത്തോടെ സാംസ്കാരികരംഗത്തെ തിരിച്ചറിയണമെന്ന് അദ്ദേഹം നിരന്തരം പറഞ്ഞുകൊണ്ടേയിരുന്നു. ഇതിനായി പല സ്ഥാപനങ്ങൾക്കു രൂപം നൽകി. നെഹ്റുവിന്റെ ഈ ആശയം ഉൾക്കൊണ്ട് സഞ്ചരിച്ച് കേരളത്തിലെത്തിയ ചതുർവേദി സാംസ്കാരികരംഗത്ത് ദേശീയതയുടെ ആൾരൂപമായി. എഴുത്തിൽ ഈ വിശാലമായ ദേശീയബോധം അദ്ദേഹം കാത്തുവെച്ചു. തർജമകൾ ഭാഷാപാണ്ഡിത്യം പ്രദർശിപ്പിക്കാനുള്ള ഉപാധിയല്ല, മറിച്ച് ലക്ഷ്യഭാഷയും സ്രോതഭാഷയും തമ്മിൽ പരസ്പര ബഹുമാനത്തോടെ നടത്തുന്ന ഹൃദയസംവാദമാകണമെന്നും അദ്ദേഹം കരുതി.

ഭാസകാളിദാസ കൃതികളെ ചാരു കേരള വാണിയിലേക്ക് പകർത്തുവെച്ചപോലെ തന്നെ ആധുനിക മലയാള സാഹിത്യത്തെ ഉത്തരേന്ത്യയ്ക്ക് പരിചയപ്പെടുത്തിക്കൊടുത്തു - ആദ്യത്തെ ജ്ഞാനപീഠ പുരസ്കാരം മലയാള സാഹിത്യം അഭിമാനത്തോടെ ഏറ്റുവാങ്ങിയതാണ് എന്ന് ലോകം മനസ്സിലാക്കിയതിൽ ചതുർവേദിയും തന്റെ പങ്കുവഹിച്ചു. ഈ ജീവിതം നാളത്തെ ലോകത്തിനുവേണ്ടി പകർത്തിവെച്ചതാണ് ഈ കൃതിയെ സവിശേഷമാക്കിയത്. അതുകൊണ്ടുതന്നെ ഈ കൃതി നമുക്കുള്ളതാണ്, നാളേയ്ക്കുള്ളതാണ്.

